(ബി) 1999 മാർച്ച് മാസം എസ്. എസ്. എൽ. സി. പരീക്ഷ പാസായ ജിഷാ ജോസിന് അവാർഡ് നമ്പർ 190/1999 പ്രകാരം +2 കോഴ്സിന് 6000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഒന്നും രണ്ടും വർഷ എം. ബി. ബി. എസ്. കോഴ്സിന് 8000 രൂപ 8-11-2004-ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

(സി) 2001 മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷ പാസായ 82 പേർ തൃശ്ശൂർ ജില്ലയിൽ നിന്ന് ജില്ലാമെരിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയിട്ടുണ്ട്.

(ഡി) യഥാസമയം സ്കോളർഷിപ്പ് ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതിയായ ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവവും പരീക്ഷാ ഭവനിൽനിന്ന് സ്കോളർഷിപ്പിന് അർഹരായവരുടെ ലിസ്റ്റ് യഥാസമയം ലഭിക്കാത്തതുമാണ് പ്രധാന കാരണം. ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

(ഇ) ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് അപേക്ഷകർക്ക് അവസരം നൽകുന്നതാണ്.

നാഷണൽ/ജില്ലാ സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

87 [3613] *ശ്രീ. കെ. രാധാകൃഷ്ണൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ മെരിറ്റ് സ്കോളർഷിപ്പ്, ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് എന്നീ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ ഗുരുതരമായ കാലതാമസമുണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഏത് വർഷം വരെയാണ് വിതരണം ചെയ്തിട്ടുള്ളതെന്നും പുതുതായി ലഭിച്ച എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ടെന്നും വർഷം തിരിച്ച് വിശദമാക്കാമോ;

(സി) ഈ കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അടിയന്തിരമായി ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കോളർഷിപ്പ് വിതരണത്തിന് കാലതാമസം ഉണ്ടാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാഷണൽ മെരിറ്റ് സ്കോളർഷിപ്പ് 2001-2002 അദ്ധ്യയനവർഷം വരെ അപേക്ഷിച്ചവർക്ക് നൽകി കഴിഞ്ഞു. 2002-2003 വർഷത്തേക്ക് ലഭിച്ച അപേക്ഷകൾ പരിഗണിച്ച് തീർപ്പ് കല്പിച്ചുകൊണ്ടിരിക്കുന്നു. ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് 2001 മാർച്ച് മാസം എസ്. എസ്. എൽ. സി. പാസ്സായവർക്ക് നൽകിതുടങ്ങിയിട്ടുണ്ട്. 2001 മാർച്ച് മാസം എസ്. എസ്. എൽ. സി. പാസ്സായവരുടെ 300 അപേക്ഷകളും 2002 മാർച്ചിൽ പാസ്സായ വിദ്യാർത്ഥികളുടെ 684 അപേക്ഷകളും തീർപ്പു കൽപ്പിക്കാനുണ്ട്.

(സി) പരീക്ഷാ ഭവനിൽനിന്ന് റാങ്ക് ലിസ്റ്റ് അതാത് വർഷങ്ങളിൽ ലഭിക്കാത്തതും ആവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിക്കാത്തതുമാണ് അപേക്ഷ തീർപ്പു കല്പിക്കുന്നതിനുള്ള കാലതാമസത്തിനു കാരണം.

(ഡി) ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതാണ്.

അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി

88 [3614] *ശ്രീ. ജോണി നെല്ലൂർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ചുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) അംഗീകാരമില്ലാത്ത സ്കൂളുകളുടെ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) & (ഡി) അംഗീകാരം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല.

മഞ്ചേരി മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ ആരംഭിക്കാൻ നടപടി

89 [3615] *ശ്രീ. ഇസ്ഹാക്ക് കുരിക്കൾ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly